പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2051 — 17.12.2012 - ൽ മറുപടിയ്ക്ക്

**അരീക്കോട് ഇരട്ട കൊലപാതക കേസ് അന്വേഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>" കെ. രാധാകൃഷ്ണൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അരീക്കോട് ഇരട്ട കൊലപാതക കേസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; | (എ) കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായ 19 പേർക്കെതിരെയുള്ള അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 15 ഉം 17 ഉം പ്രതികൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. |
| (ബി) എഫ്. ഐ ആറിൽപ്പെട്ട പ്രതികൾ ആരൊക്കെയാണ്; ഇവരുടെ പേരിൽ ചുമത്തപ്പെട്ട കുറ്റങ്ങൾ എന്തൊക്കെയാണ്; | (ബി) (1) പാറമ്മൽ മണ്ണിൽത്തൊടി അഹമ്മദ് കുട്ടി, S/o ഉമ്മർ, (2) ഇർഷാദ്, S/o ഉമ്മർ, (3) സുഡാനി റഷീദ്, (4) മുക്താർ, (5) എൻ. കെ. അഷ്റഫ്, (6) പി.കെ. ബഷീർ, (7) കണ്ടാലറിയാവുന്ന 5 പേർ.<br><br>ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 203, 302, 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ഇവർക്കെതിരെ ചുമത്തിയിട്ടുള്ളത്. |
| (സി) എഫ്. ഐ. ആറിൽ പ്രതിയായ ആരെയെങ്കിലും അറസ്റ്റ് ചെയ്യാതിരുന്നിട്ടുണ്ടോ; എഫ്. ഐ. ആറിൽ ആറാം പ്രതിയായ പി. കെ. ബഷീർ, എം.എൽ.എ. കൊലപാതകത്തിന് മുമ്പ് നടത്തിയ പ്രസംഗവും മറ്റ് പ്രതികളുമായി നടത്തിയ ഫോൺ സംഭാഷണങ്ങളും അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ എന്ന് അറിയിക്കുമോ? | (സി) എഫ്. ഐ. ആറിൽ പ്രതി ചേർക്കപ്പെട്ട 5 ഉം 6 ഉം പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. എഫ്. ഐ. ആറിൽ പ്രതിയായ പി. കെ. ബഷീർ എംഎൽ.എ. കൊലപാതകത്തിനു മുമ്പ് നടത്തിയ പ്രസംഗവും മറ്റു പ്രതികളുമായി നടത്തിയ ഫോൺ സംഭാഷണങ്ങളും അന്വേഷണ സംഘം പരിശോധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ